# ACADEMIC MASTER PLAN 2025-26

# GUPS KANAKKENTHURUTHY

# വിദ്യാലയം ഒറ്റ നോട്ടത്തിൽ

- വിദ്യാലയത്തിന്റെ പേര് : ജി യു പി എസ് കണക്കൻതുരുത്തി
- UDISE കോഡ് : 32060200603
- School കോഡ് : 21255
- ഉൾപ്പെടുന്ന പഞ്ചായത്ത്, വാർഡ്: വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്, വാർഡ് നം. 17
- ഉപജില്ല : ആലത്തൂർ
- ബി ആർ സി : ആലത്തൂർ
- സി ആർ സി : പന്നിയങ്കര
- ബ്ലോക്ക് പഞ്ചായത്ത് : ആലത്തൂർ
- വിദ്യാഭ്യാസ ജില്ല : പാലക്കാട്
- ജില്ല : പാലക്കാട്
- നിയമസഭാ മണ്ഡലം : തരൂർ
- ലോക്സഭാ മണ്ഡലം : ആലത്തൂർ
- താലൂക്ക് : ആലത്തൂർ
- വില്ലേജ് : വടക്കഞ്ചേരി I
- സംസ്ഥാനം : കേരളം
- പിൻകോഡ് : 678683
- ഫോൺ നമ്പർ :
- ഇ – മെയിൽ : gupskanakkenthuruthy@gmail.com

# ആമുഖം

പാലക്കാട് ജില്ലയിൽ ആലത്തൂർ ഉപജില്ലയിൽ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലാണ് കണക്കൻതുരുത്തി ഗവൺമെന്റ് യു പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1961 ൽ കണക്കൻതുരുത്തി രാജഗിരി പള്ളിയിൽ 75 വിദ്യാർത്ഥികളോട് കൂടി നാരായണൻ മാസ്റ്ററുടെ നേതൃത്വത്തിൽ ലോവർ പ്രൈമറി സ്കൂൾ പ്രവർത്തനം ആരംഭിച്ചു. തേക്കുംപാടം വീട്ടിൽ കുട്ടച്ചാമി സ്കൂളിനായി സംഭാവന നൽകിയ സ്ഥലത്ത് സ്കൂൾ പ്രവർത്തനം തുടരുകയും പിന്നീട് 1970 ൽ അപ്പർ പ്രൈമറിയായി സ്കൂൾ അപ്ഗ്രേഡ് ചെയ്യപ്പെടുകയും ചെയ്തു.പ്രഗത്ഭരായ അധ്യാപകരിലൂടെ മികച്ച വിദ്യാർത്ഥികളെ സംഭാവന ചെയ്ത ഒരു വിദ്യാലയം കൂടിയാണിത്.കലാകായിക ആരോഗ്യ ഗവേഷണ നിയമ മാധ്യമ രംഗങ്ങളിൽ മികച്ച നേട്ടം കൈവരിച്ചവർ ഈ സ്കൂളിന്റെ അഭിമാന പാത്രങ്ങളാണ്.

## ലക്ഷ്യങ്ങൾ

1. കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 മുന്നോട്ടുവയ്ക്കുന്ന വിശാല കാഴ്ചപ്പാട് പ്രകാരം പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും നേടുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുക
2. കേരളത്തെ വിജ്ഞാന സമൂഹമായി പരിവർത്തിപ്പിക്കും എന്ന സാമൂഹിക നിലപാട് സാർത്ഥകമാക്കാൻ ഉതകുന്ന പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക
3. വിദ്യാലയം സാങ്കേതികവിദ്യസൗഹൃദം ആക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും പഠനോപകരണങ്ങളും ലഭ്യമാക്കുക
4. കുട്ടികളിൽ തൊഴിൽ അഭിരുചിയും തൊഴിൽ മനോഭാവവും തൊഴിൽ നൈപുണിയും വളർത്തിയെടുക്കുക / കണ്ടെത്തുക
5. ജനാധിപത്യം മതനിരപേക്ഷത തുടങ്ങിയ ഭരണഘടനാമൂല്യങ്ങളിൽ ഊന്നിക്കൊണ്ടുള്ള സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക

6. പാരിസ്ഥിതികാവബോധം, ലിംഗാവബോധം, സമത്വബോധം, തുല്യതാവബോധം, മാലിന്യനിർമാർജനാവബോധം, പൗരബോധം തുടങ്ങിയവ ഉളവാക്കാനുള്ള അനുഭവങ്ങൾ നൽകുക
7. ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടു കൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ പ്രവർത്തിക്കുന്നു
8. പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു
9. ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക,അതിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് അവരെ ബോധവാന്മാരാക്കുക
10. സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

1. എസ് ആർ ജി യോഗത്തിൽ സ്കൂളിന്റെ ലക്ഷ്യങ്ങൾ / കാഴ്ചപ്പാട് എന്നിവ അവതരിപ്പിക്കലും ചർച്ചയും
2. വികസനാവശ്യങ്ങൾ ക്ലാസ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതികം -അക്കാദമികം- സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
3. കരട് രൂപരേഖ SRG, SMC, PTA, MPTA, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ
4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
5. SRG കൺവീനറുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം (ഇംഗ്ലീഷ് ,മലയാളം , ഹിന്ദി)<br>• ഗണിതശേഷി വികസനം<br>• ഗണന ചിന്ത<br>• ശാസ്ത്ര പോഷണം<br>• വായനാ പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>• Integrated lab (I LAB) സജ്ജീകരിക്കൽ<br>• IT പരിശീലനം<br>• തൊഴിൽ ഉദ്ഗ്രഥിത പഠനം<br>• കായിക ക്ഷമത ആർജിക്കൽ<br>• കലാകായിക പ്രവർത്തി പരിചയമേളകൾക്ക് പരിശീലനം നൽകുന്നതിന് വിദഗ്ധരുടെ സേവനം | • കമ്പ്യൂട്ടർ ലാബ്<br>• ലൈബ്രറി<br>• വായനാമൂല<br>• Display area<br>• മാലിന്യ സംസ്കരണ യൂണിറ്റ്<br>• ജൈവവൈവിധ്യോദ്യാനം<br>• മഴവെള്ളസംഭരണി<br>• volleyball court<br>• ഭാഷാലാബ്<br>• സ്കൂൾ ആകാശവാണി | • പ്രാദേശിക പിടിഎ യോഗങ്ങൾ<br>• ലഹരിക്കെതിരെയുള്ള ബോധവൽക്കരണം<br>• പരിസര മലിനീകരണത്തിനെതിരെ ബോധവൽക്കരണം<br>• രക്ഷിതാക്കൾക്ക് ഡിജിറ്റൽ സാക്ഷരത<br>• വായനക്കൂട്ടം<br>• പുസ്തക സമാഹരണം<br>• പിടിഎ/ എം പി ടി എ സർഗോത്സവം<br>• പഠനോത്സവം<br>• രക്ഷിതാക്കൾക്ക് തൊഴിൽ നൈപുണ്യ വികസനം |

## പദ്ധതി വിശദാംശങ്ങൾ – വിഷയാടിസ്ഥാനത്തിൽ- UP

## 1. English:-

- **അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നത്- English club**
- **സഹായക പദ്ധതികൾ – ELEP (English Language Enrichment Programme) which was implemented during 2022-23, Ecube facility**

**Activities in detail:-**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| Holistic development in English language | Ensuring every student to do the E CUBE assignments | July to January | SRG convener, Class teacher, English teacher | |
| Enrichment of Vocabulary | News paper reading and explaining, dictionary making, Puzzles and games | July to January ( as per the objectives of each unit) | Class teacher, English teacher, English club | |
| Enhancing communication skills | To give training on the basis of ELEP Module (For UP classes) | August to February(Once in a week) | SRG convener, English teacher, English club | |
| Support to gifted children | Introducing english library, Role play, Magazine making | Library – july to february Role play and magazine making- January to march | SRG convener, English teacher, English club | |
| To improve writing skills | Practising various discourses like English diary writing, News report making, Documentation etc | As per the requirement of each unit | SRG convener, English teacher | |

| | | | | |
|---|---|---|---|---|
| To elevate the confidence | English Assembly to showcase their talents and to address the masses | Twice in a week conducting by classes from 1 to 7 in cyclic order. | English teacher, Class teacher | |

2. **അടിസ്ഥാന ശാസ്ത്രം:-**

- **അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നത്- Science club**
- **സഹായക പദ്ധതികൾ – (1)STARS I LAB (integrated learning atmosphere for better learning) Sponsored by General Education department, samagra shiksha kerala, CUSAT**
  **(2) STREAM little experts programme , Sponsored by General Education department, samagra shiksha kerala, CUSAT**

**അടിസ്ഥാന ശാസ്ത്രം - Activities in detail**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ അവബോധം വളർത്തിയെടുക്കുക | • ആനുകാലിക സംഭവങ്ങളെ ശാസ്ത്രീയമായി വിശദീകരിച്ച് കൊടുക്കുന്നു<br>• പ്രഗത്ഭരുടെ ക്ലാസുകളുടെ വീഡിയോസ് പ്രദർശിപ്പിക്കുന്നു (eg. Luca@school, KSSP )<br>• ദൈനംദിന ജീവിതസന്ദർഭങ്ങളിൽ ശാസ്ത്രീയ സമീപനം പുലർത്തുന്നതിന് പരിശീലിപ്പിക്കുന്നു | July to January | SRG convener, ശാസ്ത്രാധ്യാപിക, Science club | |
| നിരീക്ഷണം, പരീക്ഷണം, നിഗമനം | • പാഠപുസ്തകത്തിലെ പരീക്ഷണങ്ങളും | I LAB- August to February (once in a | SRG convener, ശാസ്ത്രാധ്യാപിക, Science club | |

| | | | | |
|---|---|---|---|---|
| തുടങ്ങിയ നൈപുണികൾ വികസിപ്പിക്കുക | അനുബന്ധമായി വരുന്ന ശാസ്ത്ര പരീക്ഷണങ്ങളും ചെയ്യുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു<br>• പരീക്ഷണക്കുറിപ്പുകൾ സ്കൂൾ ശാസ്ത്ര മാഗസിനിലൂടെ പ്രസിദ്ധീകരിക്കുന്നു<br>• I LAB സംവിധാനം പ്രയോജനപ്പെടുത്തുന്നു | week)<br><br>Magazine :- January- February | | |
| ലക്ഷ്യബോധത്തിന്റേയും മനോവീര്യത്തിന്റേയും പ്രാധാന്യം മനസ്സിലാക്കി പ്രചോദനം ഉൾക്കൊള്ളുക | • ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം വായിക്കുന്നു - സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു<br>• ശാസ്ത്ര ലൈബ്രറി സജ്ജീകരിക്കുന്നു | Library- June<br><br>Autobiography- once in a week | SRG convener, ശാസ്ത്രാധ്യാപിക | |
| ശാസ്ത്ര തത്ത്വങ്ങൾ നിത്യ ജീവിതത്തിൽ പ്രയോഗിക്കാനുള്ള ശേഷി കൈവരിക്കുക | • ശാസ്ത്ര തത്ത്വങ്ങൾ പ്രായോഗിക തലത്തിൽ വരുന്ന സന്ദർഭങ്ങൾ വിശദീകരിക്കുന്നു<br>• പ്രഗൽഭരുടെ ശില്പശാലകൾ സംഘടിപ്പിക്കുന്നു | September to December | SRG convener, ശാസ്ത്രാധ്യാപിക<br>Science club | |
| വിമർശനാത്മക വിശകലനശേഷി കൈവരിക്കുക | • ശാസ്ത്ര രംഗത്തിലെ മുന്നേറ്റങ്ങളുടേയും പുതിയ സാങ്കേതിക വിദ്യകളുടേയും കുറിച്ചുള്ള പ്രഗത്ഭരുടെ വീഡിയോകൾ കാണിച്ചു കൊടുക്കുന്നു. (Luca, യുറീക്ക, ശാസ്ത്ര കേരളം etc)<br>• കുട്ടികൾക്ക് അവരുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു<br>• 'ശാസ്ത്രം സുസ്ഥിര വികസനത്തിന്' എന്ന കാഴ്ചപ്പാട് | Once in a month | SRG convener, ശാസ്ത്രാധ്യാപിക<br>Science club | |

| | | | | |
|---|---|---|---|---|
| | ഊട്ടിയുറപ്പിക്കുന്നു | | | |
| കുട്ടി ശാസ്ത്രജ്ഞരെ വളർത്തിയെടുക്കുക | • പുതിയ പരീക്ഷണങ്ങളും പ്രൊജക്ടുകളും ചെയ്യുന്നതിനാവശ്യമായ വിഭവങ്ങൾ നൽകുന്നു<br>• Improvised experiments ചെയ്തു ശീലിക്കുന്നതിന് ഉതകുന്ന നിർദ്ദേശങ്ങൾ നൽകുന്നു - "വീട്ടിൽ ഒരു പരീക്ഷണശാല"<br>• Inspire, ബാല ശാസ്ത്ര കോൺഗ്രസ്, ശാസ്ത്ര മേളകൾ എന്നിവയിൽ പങ്കെടുക്കുന്നതിനായി കുട്ടികളെ പ്രാപ്തരാക്കുന്നു / പാകപ്പെടുത്തുന്നു<br>• കൃത്യമായ ചോദ്യങ്ങൾ ഉന്നയിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു | 2025-26 | SRG convener, ശാസ്ത്രാധ്യാപിക | |
| നൂതന ശാസ്ത്ര സാങ്കേതിക മേഖലകളിൽ പരിശീലനം നൽകുന്നു | • 3D printing<br>• craft&tool<br>• Science and VR<br>• Electronics | July, August, September, October | SRG convener, ശാസ്ത്രാധ്യാപിക, Participant student of STREAM Little experts | |
| തൊഴിലധിഷ്ഠിത ശാസ്ത്ര വിദ്യാഭ്യാസം സാധ്യമാക്കുക | • സോപ്പ് നിർമ്മാണം, ഭക്ഷ്യ സംസ്കരണം, ജൈവകീടനാശിനി നിർമ്മാണം, ടേബിൾ ലാമ്പ് നിർമ്മാണം എന്നീ മേഖലകളിൽ പരിശീലനം നൽകുന്നു<br>• Help file:- തൊഴിൽ ഉദ്ഗ്രഥിത പാഠപുസ്തകം | 2025-26 | | |

## 3. ഗണിതം:-

- **അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നത്-MATH CLUB**
- **സഹായക പദ്ധതികൾ – (1)Math Circle Programme conducted with the help of IIT PALAKKAD, DIET, SSK (2) ഗണിതവിജയം**

**ഗണിതം - Activities in detail**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ചതുഷ്ക്രിയകൾ ചെയ്യുവാൻ പ്രാപ്തരാക്കുക | • പുതിയ പാഠ്യപദ്ധതി സമീപനം അനുസരിച്ചുള്ള പരിശീലനം<br>• ഗണിത വിജയം മൊഡ്യൂൾ | 2025-26 | Math teacher, Math club | |
| സംഖ്യകളോടുള്ള ഇഷ്ടം വർദ്ധിപ്പിക്കുക | • ദൈനംദിന വ്യവഹാരങ്ങളുടെ രൂപത്തിലൂടെയും കളികളുടെ രൂപത്തിലൂടെയും സംഖ്യകളുടെ ആശയം കുട്ടികൾക്ക് ആകർഷകമാക്കുന്നു | Once in a week | Math club | |
| ജ്യാമിതീയ രൂപങ്ങൾ വരക്കുന്നതിനും നിർമ്മിക്കുന്നതിനും പ്രാപ്തരാകുക | • പിരമിഡുകൾ, ഈഫൽ ടവർ, താജ് മഹൽ തുടങ്ങി ലോകത്തിലെ വൻ നിർമ്മിതികൾ കുട്ടികൾക്കു മുന്നിൽ അവതരിപ്പിക്കുന്നതു വഴി പലതരം ഗണിത മാതൃകകൾ നിർമ്മിക്കുന്നതിന് ഉൾപ്രേരണ ലഭിക്കുന്നു<br>• ജ്യോമെട്രിക് പാറ്റേണുകളും ഗണിത മാതൃകകളും സൃഷ്ടിക്കുന്നതിലൂടെ | June to November | Math club | |

| | | | | |
|---|---|---|---|---|
| | ഗണിതത്തിന്റെ കൃത്യതയും സൗന്ദര്യവും കുട്ടികൾക്ക് ബോധ്യപ്പെടുന്നു<br>• അമൂർത്തമെന്നു തോന്നുന്ന ഗണിതാശയങ്ങൾ മനസ്സിലാക്കുവാൻ കഴിയുന്നു | | | |
| ഗണിത തത്ത്വങ്ങൾ നിത്യ ജീവിതത്തിൽ പ്രയോഗവൽക്കരിക്കുക | • പണമിടപാടുകൾ, അളവുകൾ, അംശബന്ധങ്ങൾ, ശതമാനം തുടങ്ങിയ നിത്യ ജീവിത പ്രശ്നങ്ങളിൽ ഊന്നിക്കൊണ്ട് ശിൽപശാല നടത്തുന്നു | Twice in a month | Math club | |
| ഗണിത പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിനുള്ള കഴിവ് സ്വായത്തമാക്കുക | • ഓരോ യൂണിറ്റിൽ നിന്നും കുട്ടികൾക്ക് ഗ്രൂപ്പടിസ്ഥാനത്തിൽ പ്രൊജക്ട് നൽകുന്നു<br>• കണ്ടെത്തലുകൾ ഗണിത മാഗസിനിൽ പ്രസിദ്ധീകരിക്കുന്നു | After each unit | Math teacher | |
| വിദ്യാലയത്തിൽ ഗണിതാനുകൂല പഠനാന്തരീക്ഷം സൃഷ്ടിക്കുക | ◆ ഗണിത ലാബ് സജ്ജീകരിക്കുക<br>◆ Geogibra (ICT) | Lab:-June to August<br><br>ICT- As per the content | Math teacher | |
| ഗണിതപ്പേടി മാറ്റുക | ◆ മികച്ച ഗണിത ഗ്രന്ഥങ്ങൾ ഉൾപ്പെടുത്തി ഗണിത ലൈബ്രറി സജ്ജീകരിക്കുക<br>◆ ഗണിതക്കളികൾ, പ്രഹേളികകൾ ( puzzles), ഗണിത നാടകങ്ങൾ, ഗണിത ക്വിസ് എന്നിവ അവതരിപ്പിക്കുവാനും ഉത്തരം കണ്ടെത്തുന്നതിനും | June<br><br>Twice in a month | Math club | |

| | | | | |
|---|---|---|---|---|
| | അവസരം നൽകുന്നു | | | |
| ഗണന ചിന്ത വർദ്ധിപ്പിക്കുക | ◆ Math Circle ന്റെ ഭാഗമായി IIT Palakkad തയ്യാറാക്കുന്ന മോഡ്യൂളുകളിലൂടെ കടന്നു പോകുക | Twice in a month | Math club | |

4. മലയാളം -

## ➢ അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നത്- വിദ്യാരംഗം കലാസാഹിത്യവേദി ,വായനാ ക്ലബ്ബ് , ലൈബ്രറി ക്ലബ്ബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ അടിസ്ഥാന ശേഷി പരിശോധന | • ജൂൺ രണ്ടാം വാരത്തിൽ അടിസ്ഥാന ശേഷി പരിശോധന നടത്തുന്നു<br>• ശ്രദ്ധ കൂടുതൽ ആവശ്യമായ കുട്ടികളെ കണ്ടെത്തുന്നു | June | Malayalam teacher | |
| ഭാഷാപരമായ അടിസ്ഥാന ശേഷി കൈവരിക്കൽ | • പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് റീഡിംഗ് കാർഡ്, വർക് ഷീറ്റ് മുതലായവ നൽകുന്നു<br>• വായനാമൂല സജ്ജീകരിക്കുന്നു<br>• വിവിധ നിലവാരക്കാർക്ക് അനുസൃതമായ പുസ്തകങ്ങൾ നൽകുന്നു | June to January | Malayalam teacher | |
| സ്കൂളിൽ മലയാള ഭാഷാ പഠനാന്തരീക്ഷം ആകർഷണീയമാക്കൽ | • മലയാള സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, കഥാസന്ദർഭങ്ങൾ എന്നിവ ക്ലാസ് മുറികളിൽ പ്രദർശിപ്പിക്കുന്നു | June | വിദ്യാരംഗം കലാസാഹിത്യ വേദി | |
| ഭാഷയുമായി ബന്ധപ്പെട്ട ഉയർന്ന സാഹിത്യ ശേഷി കൈവരിക്കുന്നതിന് | • മലയാളം ക്ലബിന്റെ നേതൃത്വത്തിൽ രചനാ ശില്പശാലകൾ സംഘടിപ്പിക്കുന്നു | Twice in a month | വിദ്യാരംഗം കലാസാഹിത്യ വേദി | |

| | | | | |
|---|---|---|---|---|
| | • കഥാരചന, കവിതാ രചന, ആസ്വാദനം, നാടകരചന, നിരൂപണം എന്നീ മേഖലകളിൽ പരിശീലനം നൽകുന്നു<br>• സർഗ്ഗസൃഷ്ടികൾ സാഹിത്യ ചുമരിൽ പ്രദർശിപ്പിക്കുന്നു<br>• സ്കൂൾ അസംബ്ലിയിൽ കലാസൃഷ്ടികൾ അവതരിപ്പിക്കുന്നു | | | |
| ഭാഷാപഠനം ലളിതവും ആകർഷകവുമാക്കൽ | • ഭാഷാലാബ് തയ്യാറാക്കുന്നു<br>• ICT സാദ്ധ്യതകൾ ഉപയോഗിച്ച് പഠന വിഭവങ്ങൾ തയ്യാറാക്കുന്നു | June to August | Malayalam teacher, Library club | |
| വയനാശീലം വർദ്ധിപ്പിക്കുന്നതിന് | • കുട്ടികൾക്ക് പുസ്തകങ്ങളുടെ preview നൽകുന്നതിലൂടെ വായനക്കാവശ്യമായ ഉൾപ്രേരണ നൽകുന്നു<br>• ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു<br>• വായിച്ച കാര്യങ്ങൾ രസകരമായും സന്ദർഭം ചോരാതെയും അവതരിപ്പിക്കാൻ വേദി (സ്കൂൾ ആകാശവാണി) നൽകുന്നു | August to January | Malayalam teacher, Library club, Reading club | |
| മലയാളം മനോഹരമായി അക്ഷരശുദ്ധിയോടു കൂടി സംസാരിക്കുന്നതിന് | • മലയാള അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണം കേൾപ്പിക്കുന്നതിനായി ICT വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നു<br>• അസംബ്ലിയിൽ ഉച്ചാരണ ശുദ്ധിയോടെ വാർത്താവായിക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്നു | Thrice in a week | Malayalam teacher, Class teacher | |

## 5. സാമൂഹ്യ ശാസ്ത്രം

- **അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നത്- സാമൂഹ്യശാസ്ത്ര ക്ലബ്ബ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രാദേശിക ചരിത്രത്തെക്കുറിച്ചുള്ള ധാരണ കൈവരിക്കൽ | ◆ പ്രാദേശിക ചരിത്ര നിർമ്മാണം<br>◆ സ്കൂൾ ചരിത്ര നിർമ്മാണം<br>◆ പ്രാദേശിക ചരിത്ര സ്രോതസ്സുകൾ കണ്ടെത്തൽ<br>◆ അവയുടെ ശാസ്ത്രീയ വിശകലനം<br>◆ പ്രദേശവാസികളുമായി അഭിമുഖം<br>◆ പൂർവ്വ വിദ്യാർത്ഥികളുമായി അഭിമുഖം | June – July | Social science teacher | |
| ഭൂപട വായന | ◆ പ്രാദേശിക ഭൂപടം തയ്യാറാക്കൽ<br>◆ ഓരോ ക്ലാസിലും വാർഡ്, പഞ്ചായത്ത്, ജില്ല, കേരളം, ഇന്ത്യ എന്നിവയുടെ ഭൂപടങ്ങൾ പ്രദർശിപ്പിക്കുന്നു<br>◆ ആനുകാലിക സംഭവങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങൾ അറ്റ്ലസ് ഉപയോഗിച്ച് കണ്ടെത്തുന്നു | August - September | Social science club | |
| ചരിത്രപഠനവും ഭൂമിശാസ്ത്രപഠനവും അനുഭവയോഗ്യമാക്കുന്നതിന് | ◆ ചരിത്ര സ്മാരകങ്ങളും മ്യൂസിയങ്ങളും സന്ദർശിക്കുക<br>◆ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ മനസ്സിലാക്കുന്നതിനായി ഫീൽഡ് ട്രിപ്പുകൾ | 2025-26 | Social science club, PTA | |

| | | | | |
|---|---|---|---|---|
| | ആസൂത്രണം ചെയ്യുക<br>◆ ICT യുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുക<br>◆ ഓഡിയോ- വീഡിയോ ലൈബ്രറി സജ്ജീകരിക്കുക | | | |
| ചരിത്ര പ്രധാന ദിനങ്ങളെക്കുറിച്ച് ധാരണ കൈവരിക്കുക | ◆ ദിനാചരണങ്ങൾ സംഘടിപ്പിക്കുക<br>◆ Kite victers, SAFARI പോലുള്ള ടി.വി ചാനലുകളിൽ സംപ്രേഷണം ചെയ്യുന്ന പരിപാടികൾ പ്രദർശിപ്പിക്കുന്നു | 2025-26 | SRG Convener, Social science teacher | |
| അടിസ്ഥാന പൗരധർമ്മം പരിശീലിപ്പിക്കുന്നതിന് | ◆ പൊതു ഇടങ്ങളിലെ പെരുമാറ്റ രീതികൾ, പാലിക്കേണ്ട മര്യാദകൾ, മറ്റുള്ളവരോടുള്ള കരുതൽ തുടങ്ങിയവയെക്കുറിച്ച് വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു<br>◆ വികസിത രാജ്യങ്ങളിലെ നല്ല മാതൃകകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു | 2025-26 | Social science club, PTA | |
| കുട്ടികളുടെ കടമകളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ധാരണ കൈവരിക്കുക | ◆ സ്കിറ്റ്, നാടകം മുതലായ കലാരൂപങ്ങളിലൂടെ ആശയങ്ങൾ ഉറപ്പിക്കുക<br>◆ കടമകളുടേയും അവകാശങ്ങളുടേയും പട്ടിക പ്രദർശിപ്പിക്കുന്നു | 2025-26 | Social science club | |
| ജനാധിപത്യ രീതികൾ മനസ്സിലാക്കുന്നതിന് | ◆ സ്കൂൾ തിരഞ്ഞെടുപ്പ്<br>◆ മോക്ക് പാർലമെന്റ്<br>◆ ശിൽപശാല | 2025-26 | SRG Convener, Social science club | |

| | | | | |
|---|---|---|---|---|
| സാമൂഹിക സേവനം മനസ്സിലാക്കൽ | ◆ അംഗൻവാടി, ആശുപത്രി, പോസ്റ്റ് ഓഫീസ് മുതലായ സ്ഥാപനങ്ങൾ സന്ദർശിച്ച് അഭിമുഖങ്ങൾ നടത്തുന്നു<br>◆ പാലിയേറ്റീവ് കെയർ ക്ലിനിക് സന്ദർശിക്കുന്നു<br>◆ സ്കൂൾ പരിസര ശുചീകരണം | 2025-26 | Social science club, PTA | |
| ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | ◆ ജൈവവൈവിധ്യങ്ങളെപ്പറ്റി അവബോധം നൽകുന്നു<br>◆ മിനി അക്വേറിയം, തണ്ണീർത്തടം,തണൽമരങ്ങൾ , കാവ് എന്നിവ നിർമ്മിച്ച് പരിപാലിക്കൽ | 2025-26 | Social science club, PTA | |

## 6. ഹിന്ദി

### ➢ അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നത്- ഹിന്ദി ക്ലബ്ബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി ഭാഷയിൽ LSRW നൈപുണികളുടെ വികസനം | • ഹിന്ദി ലൈബ്രറി<br>• വായനാക്കാർഡ് നിർമ്മാണം<br>• ഹിന്ദി അസംബ്ലി<br>• ഹിന്ദി വാർത്താവായന<br>• സ്പോക്കൺ ഹിന്ദി ക്ലാസുകൾ | 2025-26 | Hindi teacher | |
| പദസമ്പത്ത് വർദ്ധിപ്പിക്കൽ | • ഡിക്ഷ്ണറി നിർമ്മാണം<br>• പദനിർമ്മാണ മത്സരം | 2025-26 | Hindi teacher, Reading club | |
| ഹിന്ദി സർഗ്ഗശേഷി വികസനം | • കഥ-കവിത രചനാ ശില്പശാല<br>• ലൈബ്രറി | 2025-26 | Hindi club | |

| | | | | |
|---|---|---|---|---|
| | ഉപയോഗം<br>• ഹിന്ദി നാടകം<br>• ദിനാചരണങ്ങളു മായി ബന്ധപ്പെട്ട് പോസ്റ്ററുകൾ നിർമ്മിക്കൽ | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് - 1

ജി.യു.പി.എസ്
കണക്കൻതുരുത്തി

വിഷയം : മലയാളം

ആകെ കുട്ടികൾ = 13

## പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1 | പാട്ടരങ്ങ് | ജൂൺ-മാർച്ച് |
| 2 | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 3 | വായനോത്സവം | ജൂൺ- മാർച്ച് |
| 4 | കഥോത്സവം | ഡിസംബർ-മാർച്ച് |
| 5 | നിർമ്മാണ ശില്പശാല | ആഗസ്റ്റ് |
| 6 | രചനോത്സവം | ജനുവരി-മാർച്ച് |
| 7 | വിലയിരുത്തൽ | ജൂൺ -മാർച്ച് |

Scanned with OKEN Scanner

# പാട്ടരങ്ങ്

## പ്രവർത്തന ഘട്ടങ്ങൾ

1. പാട്ടരങ്ങുകളിൽ അവതരിപ്പിക്കുന്നു. താളത്തിനനുസരിച്ച് ശരീരചലനങ്ങളിലൂടെ ആകർഷകമായി ചൊല്ലുന്നു.
2. ചെറു സദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയ ഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും കൂട്ടായി ആവശ്യപ്പെടുത്തിയ മാറ്റങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുന്നു.
3. ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ചുകൊണ്ട് ഏറ്റുചൊല്ലുന്നു.
4. പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും കൈകൾ കൊട്ടുകയും ചുവടുകൾ വെക്കുകയും ശരീരം ചലിപ്പിക്കുകയും ചെയ്യുന്നു.
5. താളവൈവിധ്യം ഉള്ള പാട്ടുകൾ ഒറ്റയ്ക്കും കൂട്ടമായും ചൊല്ലുന്നു.
6. പാടി പഠിച്ച പാട്ടുകൾ ഒറ്റയ്ക്കും കൂട്ടമായും ചൊല്ലുന്നു. കൂട്ടുകാർക്ക് ഏറ്റു ചൊല്ലാവുന്ന തരത്തിൽ താളവും ഈണവും പാലിച്ചുകൊണ്ട് പാടിക്കൊടുക്കുന്നു.
7. പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താളത്തോടെയും ഈണത്തിലും സ്വതന്ത്രമായി ചൊല്ലുന്നു.
8. സന്ദർഭം ആവശ്യപ്പെടുന്ന തരത്തിൽ താളത്തോട് പൊരുത്തപ്പെടുന്ന വിധത്തിൽ പുതിയ വാക്കുകളും വരികളും കൂട്ടിച്ചേർത്ത് പാടാൻ കഴിവുനേടുന്നു.
9. പാട്ടരങ്ങുകളിൽ പാട്ടിന്റെ ആശയവും താളവും തുടർച്ചയും ഉൾക്കൊണ്ട് സഹപാഠികൾ പാടി നിർത്തിയേടത്തുനിന്ന് തുടങ്ങുകയും അവർക്കു തുടരാൻ പാകമായ ഇടത്തിൽ [illegible] നിർത്തുകയും ചെയ്യുന്നു.

Scanned with OKEN Scanner

## സംയുക്ത ഡയറി

### ജൂൺ - മാർച്ച്

### ഉദ്ദേശലക്ഷ്യങ്ങൾ

* കുട്ടിയുടെ സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുക
പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാസ-
ന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കാൻ
അവസരം ഒരുക്കുക.
കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയ-
ങ്ങളും പ്രതിദിനം ചിത്ര സഹിതം ചെറു
വാക്യങ്ങളിൽ രേഖപ്പെടുത്തുക.

### പ്രവർത്തന ഘട്ടങ്ങൾ

* ക്ലാസ് പി.ടി.എ. യോഗം വിളിച്ച് പ്രക്രിയ
ബോധ്യപ്പെടുത്തൽ. അച്ചടിച്ച ഡയറി ഓരോന്നു-
വാൻ അവസരം ഒരുക്കൽ. ഡയറിയെഴുതു-
മൂല്യമുണ്ടായ ഭാവാത്മകമായ മൂന്നാം വ്യക്ത-
മാക്കൽ. കുട്ടിയോടൊപ്പമിരുന്ന സംയുക്ത
ഡയറി എഴുതി പ്രക്രിയ മനസ്സിലാക്കൽ.
സംയുക്ത ഡയറി എഴുതുന്നതിനായി ഓരോ
കുട്ടിക്കും ചെറിയ ഒരു നോട്ട് ബുക്ക് ഉറപ്പാക്കൽ
എല്ലാ ദിവസവും ടീച്ചർ ഡയറി പരിശോധിക്കും.
സ്സാറും ശരിയും സമ്മതത്തോടെയുള്ള തിരു-
ത്തലും നടത്തും. ഡയറിയിൽ ഗുണാത്മകങ്ങ-
ൾ കുറിപ്പുകൾ എഴുതൽ. ഡയറി എഴുതുന്നതിന്
വീട്ടിൽ പിന്തുണനൽകാൻ ഭൗതികം കുറവുള്ള കുട്ടിക-
ൾക്കായി വിദ്യാലയത്തിലെ മുതിർന്ന കുട്ടികൾ.
സഹാധ്യാപകർ എന്നിവരുടെ സേവനം പ്രയോ-
ജനപ്പെടുത്തി ആഴ്ചയിൽ ഒരു ഡയറി
എങ്കിലും ഉറപ്പാക്കൽ.

* ഡയറിയുടെ പ്രകാശനം
കഥ

## വായനോത്സവം

* എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക.
* രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളിയാക്കുക.
* വായിച്ചു ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ കുട്ടികളുടെ വാചിക അവതരണശേഷി വികസിപ്പിക്കുക.
* ആശയ ഗ്രഹണ വായന, ആസ്വാദ്യവായന എന്നിവ പ്രോത്സാഹിപ്പിക്കുക.

### ജൂൺ

* ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ
* ക്ലാസ് പിടിഎ കൂടുന്നു.

### ജൂലൈ

* കുട്ടിയും രക്ഷിതാവും ചേർന്നുള്ള വായന പരിചയപ്പെടുത്തൽ.
* പുസ്തകം ഓരോ കുട്ടിക്കും നൽകുന്നു.
* അമ്മ വായിച്ചു കേൾപ്പിച്ച കഥ ക്ലാസിൽ പറയുന്നു.
* വായിച്ച കഥയിലെ ഇഷ്ട കഥാപാത്രത്തെ ചിത്രീകരിക്കുന്നു, പേര് എഴുതുന്നു.

### ആഗസ്റ്റ് — നവംബർ

* കഥാപുസ്തകം നൽകുന്നു, കുട്ടി ചിത്രം നോക്കി കഥ പറയുന്നു.
* അമ്മ ഓരോ പേജായി ചിത്രസൂചനകൾ ചേർത്ത് ഓരോ വാക്യത്തിന് ചുവട്ടിലൂടെയും വിരൽ ഓടിച്ച് വായിക്കുന്നു, കുട്ടി കേൾക്കുന്നു.
* രണ്ട് മൂന്ന് തവണ അമ്മ വായിക്കുന്നു.
* ആശയ ചോർച്ച ഉണ്ടാവാതിരിക്കാൻ അമ്മ കുട്ടി പറഞ്ഞതിനുശേഷം ഇടപെടണം.
* ക്ലാസ് പി.ടി.എ.യിൽ കഥ അവതരണം.

Scanned with OKEN Scanner

ഡിസംബർ – ഫെബ്രുവരി

* അമ്മയുടെ സഹായത്തോടെ പുസ്തകം നോക്കി കുട്ടി തനിയെ വായിക്കാൻ ശ്രമിക്കുന്നു.
* രണ്ടു മൂന്നു തവണ കുട്ടി ഒരേ പുസ്തകം വായിക്കുന്നു.
* ക്ലാസ് പി.ടി.എയിൽ പുസ്തകം പരിചയപ്പെടുത്തി കുട്ടി കഥ വായിക്കുന്നു.
* പഠനോത്സവത്തിൽ പൊതുജനങ്ങൾക്ക് മുന്നിൽ ലഭ്യമാക്കിയിട്ടുള്ള രചനകൾ വായിക്കാൻ

മാർച്ച്

* കഥോത്സവം
* ക്ലാസ് പി.ടി.എയിൽ പുസ്തക വായന. പുസ്തകാവതരണം എന്നിവ നടത്തുന്നു.

ഏപ്രിൽ – മെയ്

* കുട്ടികൾക്ക് പുസ്തകങ്ങൾ നൽകുന്നു.
* വീഡിയോ പങ്കിടൽ
* പുസ്തകം പരിചയപ്പെടുത്തൽ
* കഥയിലെ കഥാപാത്രത്തെ ഇഷ്ടപ്പെടാനുള്ള കാരണം ഗ്രൂപ്പിൽ അവതരിപ്പിക്കൽ

നിർമ്മാണ ശില്പശാല

ആഗസ്റ്റ്

* എല്ലാ കുട്ടികളെയും പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള കളിപ്പാട്ടങ്ങൾ പരിചയപ്പെടുത്തുകയാണ്. അതിനാൽ കുട്ടികളും രക്ഷിതാക്കളും വേണം
* മുതിർന്നവരുടെ സഹായത്തോടെ കുട്ടികൾക്ക് ഉണ്ടാക്കാവുന്ന ലളിതമായ കളിയുപകരണങ്ങളും കുട്ടികൾക്ക് മാതൃകനോക്കി ഉണ്ടാക്കാവുന്നവയും.

Scanned with OKEN Scanner

രക്ഷിതാക്കൾ ഉണ്ടാക്കുന്നവയും വിദഗ്ധർ ഉണ്ടാക്കുന്നവയും പരിഗണിക്കണം.

## രചനോത്സവം

### ജനുവരി - മാർച്ച്

* രക്ഷിതാക്കളുടെ പിന്തുണയോടെയും രചനയിലേർപ്പെടാം. തുടക്കത്തിൽ കുട്ടികൾ ആശയം പറയുകയും മുതിർന്നവർ അവർക്കു വേണ്ടി അത് രേഖപ്പെടുത്തുകയുമാണ് വേണ്ടത്.
* ചെറുവാക്യങ്ങളുണ്ടാകാൻ ശ്രദ്ധിക്കുക.
* ക്ലാസിനൊന്നാകെ കുഞ്ഞെഴുത്തുകൾ പ്രകാശിപ്പിക്കുന്നു.

Scanned with OKEN Scanner

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## വിഷയം : പരിസര പഠനം

### ഉദ്ദേശ്യങ്ങൾ

1. കുട്ടികളിൽ ശാസ്ത്രീയമായ അറിവുകൾ വളർത്തിയെടുക്കുക.
2. തന്റെ പരിസരവുമായി ഇഴുകിച്ചേർന്നു പഠിക്കുന്നതിനു.
3. കുട്ടികൾ ശാസ്ത്രീയ വിവരങ്ങൾ മനസിലാക്കി നിരീക്ഷണങ്ങളിലൂടെ പരീക്ഷണങ്ങളും
4. കണ്ടെത്തലുകളും നടത്തി സ്വന്തമായി നിഗമനങ്ങൾ രൂപപ്പെടുത്തുന്നു.
5. ശാസ്ത്രബോധം വളർത്തിയെടുക്കാൻ.

### പ്രവർത്തന ഘട്ടങ്ങൾ

* പ്രകൃതിനടത്തം നിരീക്ഷണങ്ങൾ
* ആൽബം നിർമ്മാണം
* പഴങ്ങൾ ശാസ്ത്രപതിപ്പുകൾ
* പരിസ്ഥിതി ഗാനങ്ങൾ ആലപിക്കൽ
* അടുക്കളത്തോട്ടം ഒരുക്കൽ
* സ്കൂൾ പൂന്തോട്ടം നിർമ്മാണം
* ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ

Scanned with OKEN Scanner

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
## വിഷയം : ഗണിതം

### ഉപലക്ഷ്യങ്ങൾ

1. ഗണിതപഠനം കൂടുതൽ ആസ്വാദ്യകരമായ വിഷയം ആക്കി തീർക്കാനും.
2. പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും
3. വസ്തുതകളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ്.
4. കുട്ടികളിൽ വളർത്തുന്നു.
5. സംഖ്യാബോധം, സങ്കലനം, സംഖ്യാവ്യാഖ്യാനം തുടങ്ങിയ പഠനനേട്ടം ലക്ഷ്യംവെച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾക്കു മുൻതൂക്കം

### പ്രവർത്തന വിശദാംശങ്ങൾ

* ഗണിത കേളികൾ
* മഞ്ചാടിസഞ്ചി
* എന്റെ കുഞ്ഞുപുസ്തകം

### ഗണിത കേളികൾ

* ക്ലാസ്റൂമിൽ കുട്ടികൾക്കായി രസകരമായ നിരവി ഗണിതകേളികൾ നടത്തുന്നു. എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു. ജൂൺ മാസം മുതൽ മാർച്ച് മാസം വരെ തുടരുന്നു.

Scanned with OKEN Scanner

## ഗണിത കേളികൾ

* രക്ഷിതാക്കളുടെ സഹായത്തോടെ എല്ലാകുട്ടി-
കൾക്കും മഞ്ചാടിസഞ്ചി മഞ്ചാടിസഞ്ചിയുടെ
ഉപയോഗം പ്രാധാന്യം ഇവ രക്ഷിതാക്കളെ
ബോധ്യപ്പെടുത്തുന്നു. മഞ്ചാടിസഞ്ചിയിലേക്കു
ആവശ്യമായ വസ്തുക്കൾ ശേഖരിക്കാൻ രക്ഷി-
താക്കൾക്കും കുട്ടികൾക്കും നിർദ്ദേശം നൽകുന്നു.
മഞ്ചാടിസഞ്ചി ജൂൺ മാസം നടപ്പിലാ-
ക്കുന്നു. ജൂൺ മുതൽ മാർച്ച് വരെ

## എന്റെ കുഞ്ഞുപുസ്തകം

* എല്ലാകുട്ടികൾക്കും എന്റെ കുഞ്ഞുപുസ്തകം
നിർമ്മിക്കുന്നു.
* ഫലപ്രദമായി ക്ലാസ്സ്മുറികളിൽ പ്രയോഗ-
നപ്പെടുത്തുന്നു. ജൂൺ മുതൽ മാർച്ച് വരെ.

Scanned with OKEN Scanner

# ENGLISH

## CLASS - I

## ACADEMIC MASTER PLAN.

### Sub Objectives

1. All learners get interested in English learning
2. All engage in games and group level activities
3. Listen to narratives and teacher talks and show signs of understanding verbally.
4. Able to comprehend the instructions of the teacher and respond accordingly (physical responses).
5. Familiarise with English words, animals and birds,
6. All learners are able to associate the related text with those in the textbook.

Scanned with OKEN Scanner

## Sub Objectives

7. Familiarise with words denoting possession (has / have).

8. Familiarise with phatic communication expressions such as, Hello, I am sorry, Thank you Bye etc.

9. Able to describe familiar objects orally stating physical attributes such as size, colour etc

10. Familiarise with words denoting colours and numbers (1-10)

11. Familiarise with the rhythm and pattern of songs.

12. Able to add own lines to a given song by substituting words / phrases.

13. Able to read conversations, songs and simple descriptions graphically.

14. Construct dialogues related to specific

Scanned with OKEN Scanner

contexts using fragmentary expressions or mixed with the mother tongue.

## ACTIVITIES

1. Engaging learners in English learning by using puppets to tell stories and making the session interactive by having students ask and answer questions.

2. Engaging learners in activities by playing games like "Simon Says" "Red Light, Green Light" or "Duck, Duck, Goose" with an English twist to keep them engaged.

3. Ensuring learners comprehend instructions by giving instruction involving physical actions, like "Touch your nose," "Jump three times," or "Raise your hand if you have a red shirt,"

Scanned with OKEN Scanner

4. Familiarizing learners with vocabulary (vehicles, animals, birds) by showing pictures and having students match them with the correct English word.

5. Teaching possessive words (has / have) by having students bring an item from home and describe it using "has" or "have." "My toy car has four wheels".

6. Familiarizing learners with phatic communication by setting up role-playing scenarios where students greet each other, apologize, say thank you, and bid farewell using phrases like "Hello", "I am sorry", "Thank you", and "Bye".

Scanned with OKEN Scanner

11. Familiarizing learners with the rhythm and patterns of songs by using clapping patterns to help students follow along with simple songs and rhymes.

12. Helping learners add line to songs by taking a familiar song and encouraging students to replace words or phrases with their own ideas, e.g., "if you're Happy and you know it."

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ – മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടികളുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയങ്ങളിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം.

## പ്രവർത്തന ലക്ഷ്യങ്ങൾ

- 2-10 ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- 2-10 തരത്തിലെ എല്ലാവരിലും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

Scanned with OKEN Scanner

* വർഷാവസാനം സ്വതന്ത്രമായ ലോകത്തിൽ പുറ ചാടുകയും സ്വതന്ത്രമായ മരങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രങ്ങൾ ആൽബമാക്കി സമാഹരണം, ചെറു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ചിത്രശലഭം, ശലഭം, മുട്ട എന്നിവ പരിചയിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

## മുന്നൊരുക്കം

* മുന്നറിവ് പരിചയപ്പെടുന്നു. ആത്മവിശ്വാസം വളർത്തുന്നു.
* പ്രീടെസ്റ്റ് നടത്തുന്നു. വിവിധ തലത്തിലെ കുട്ടികളെ കണ്ടെത്തുന്നു.
* കുട്ടിയുടെ നിലവിലെ അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്നോക്ക കുട്ടിക്ക് ലഭ്യമാക്കുന്നതിന് അവസരം ഒരുക്കിക്കൊടുക്കുന്നു.

Scanned with OKEN Scanner

## പ്രവർത്തന ലക്ഷ്യം

2-10 ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

**ജൂൺ** — • ചിത്ര കാർഡുകൾ നൽകൽ (ചിത്രം, പദം)

- ഭാഷണത്തിന് അവസരമൊരുക്കൽ.
- വായനാസാമഗ്രികൾ നിർമ്മിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കൽ

**ജൂലൈ**

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പിക്കൽ
- ദിനാചരണം- വായന- എഴുത്ത്
- ലൈബ്രറി സജ്ജീകരിക്കൽ

**ആഗസ്റ്റ്**

- ക്ലാസ് ലൈബ്രറി - രക്ഷിതാക്കളുടെ സഹായം.
- വീട്ടുലൈബ്രറി
- ചിത്ര വിവരണം
- വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കൽ.

Scanned with OKEN Scanner

## സെപ്റ്റംബർ

- വായിച്ച കഥ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ
- കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം നൽകൽ.

## ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ സ്വന്തം ഭാഷയിൽ വായിക്കാനായി അവതരിപ്പിക്കാൻ ചിത്രീകരിക്കാൻ അവസരം ഒരുക്കൽ.
- പടിച്ച് തയ്യാറാക്കൽ

  ഉദാ- ആന
  വലിയ ആന
  കറുത്ത വലിയ ആന

## നവംബർ ഡിസംബർ

- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യത്യസ്ത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കൽ

നവംബർ – സ്വന്തമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരം നൽകൽ

ജനുവരി – വരികൾ കൂട്ടിച്ചേർത്ത് പാടാനും എഴുതാനും അവസരം ഒരുക്കൽ.

ലഘുവിവരണങ്ങൾ, പോസ്റ്ററുകൾ എഴുതൽ

Scanned with OKEN Scanner

ഫെബ്രുവരി

എല്ലാ മേഖലകളിലും കുട്ടികളെ മികച്ചു എന്ന് ഉറപ്പ് വരുത്തൽ [ഭാഷണം, ലേഖനം]
സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

- വ്യക്തിഗത രചന പ്രോത്സാഹിപ്പിക്കൽ
- മാഗസിൻ തയ്യാറാക്കൽ
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിന്തവായന – പ്രോത്സാഹിപ്പിക്കൽ.

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യേണ്ടതുണ്ട്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് ഗണിതപ്രവർത്തനത്തിൽ തത്പരരായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക എന്നതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

- 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കൽ, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും എത്തിക്കൽ. [സങ്കലനം, വ്യവകലനം ...
- ഗണിതകിറ്റ് ഉപയോഗിച്ച് ആശയം ഉറപ്പിക്കൽ.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു. [100 ൽ താഴെ
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്തതരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.

Scanned with OKEN Scanner

## മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കൂടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

## ജൂൺ

* രൂപങ്ങൾ തിരിച്ചറിയൽ
* പാറ്റേണിലെ സംഖ്യാബോധം കണ്ടെത്തൽ
* ഒരു സംഖ്യയോട് 1 കൂട്ടിയാൽ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

## ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർന്ന് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിതകിറ്റ് എല്ലാവരിലും എത്തിക്കൽ
- 10 ന്റെയും 1ന്റെയും കൂട്ടങ്ങൾ ചേർന്ന് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

Scanned with OKEN Scanner

## ആഗസ്റ്റ്

വിവിധ പാറ്റേൺ രൂപീകരിക്കൽ

- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ 99 നോട് 1 കൂട്ടിയാൽ 100. 10 പത്തുകൾ ചേർന്നാൽ 100. 100 ഒന്നുകൾ ചേർന്നാൽ 100
- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലത്തിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

## സെപ്തംബർ

- ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവര പട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരു കട. ഗണിതാശയങ്ങൾ പ്രായോഗികതലത്തിൽ ഉറപ്പിക്കുന്നു.

## ഒക്ടോബർ

രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

- സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- സംഖ്യാ പാറ്റേൺ രൂപീകരിക്കൽ

## നവംബർ

- സ്ഥാനവില തിരിച്ചറിയൽ
- പ്രായോഗിക പ്രശ്നപരിഹാരത്തിന് കളിനോട്ട് പ്രയോജനപ്പെടുത്തൽ

Scanned with OKEN Scanner

- ക്ലാസിനൊരു കളിയിലൂടെ പ്രശ്ന നിർധാരണം ചെയ്യൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ.

ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാവ്യാഖ്യാനം ഉറപ്പിക്കൽ.
- സ്ഥാനവില- അബാക്കസ് നിർമ്മിക്കൽ
- രണ്ടക്കസംഖ്യകളുടെ തുക- വ്യത്യാസം കളിരീതി കണ്ടെത്തൽ

ജനുവരി

വിലവിവരപട്ടിക തയ്യാറാക്കൽ, ശേഖരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരം കണ്ടെത്തി പറയൽ, പ്രശ്ന നിർധാരണം ചെയ്ത് തുക കണ്ടെത്തൽ.

- സങ്കലന- വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

ഫെബ്രുവരി

- ഗണിതാലാപനം
- ഉല്ലാസഗണിതം ആക്ടിവിറ്റീസ് ഉപയോഗിച്ച് ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കി വികസനം കൈവരിക്കൽ.

മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- ചുവന്ന/കറുത്ത അക്കങ്ങൾ തിരിച്ചറിയൽ
- മാസത്തിലെ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ പാറ്റേൺ കണ്ടെത്തൽ
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.

Scanned with OKEN Scanner

# Academic Master Plan

## English

Aim - To speak, Read & write English without any mistakes

Time - June, July, August.

June - * Pretest

* To develop listening skills & reading skills first.

Listening skills

Games, Action songs, conversations, skit stories...

Use ict

Speaking skills

Descriptions, growing sentences, picture reading, picture description, Self introduction

Assembly activities

- Speech, book review, quiz riddles, Self introduction, School radio ....

Scanned with OKEN Scanner

## July, August

### Reading Skills

News paper reading, library books reading, book review, reading breaking news, Find words. collect and read past tense, rhyming words, describing words etc. Text book activities.

## September to December, & March

### writing skills

Make word web; picture description, word chain, Sentence chain, make words and sentences, make riddles, conversations, Add more lines, develop Story, description, notice proclamation, diary, letter announcement, magazines.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിത്യജീവിത സന്ദർഭങ്ങളിൽ English ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കൽ | Let's talk ... പ്രതിഭാശാലികളുമായി സംവദിക്കൽ<br>English ബാലസഭ<br>English assembly | 3 മാസത്തിൽ ഒന്ന്<br>മാസത്തിൽ 1<br>ആഴ്ചയിൽ 1 | SRG<br>class teacher | SSA |

Scanned with OKEN Scanner

# English Std: III

## Academic Masterplan

Aim: To Speak, Read and write English without any mistakes.

### June & July

- To develop listening skills & reading skills.

Listening Skills

1. Games, Action Songs
2. Conversations, Skit, Stories

Speaking Skills

1. Identify the naming words from the picture.
2. Identify the action words from the same pictures.
3. Make simple sentences using the action word and naming words about the picture.

4. make Simple description about the picture.

5. Growing sentences, picture reading, Self introduction.

Assembly are also conducted.

Activities:

Speech, book review, quiz, riddles, Self introduction. School radio...

August and September

Develop the creative Speaking and writing.

Reading Skills:

1. Newspaper reading, library books reading, book review, reading breaking news,

2. Find words.

3. Collect and read past tense,

4. rhyming words,
5. describing words etc.
6. Text book activities.

Writing Skills

1. Make word web.
2. picture description with describing words,
3. word chain, Sentence chain.
4. make words & Sentences.
5. make riddles, conversations,
6. Add more lines.

Activities:

Speech, book review, quiz, riddles, self introduction, School radio, makes description, magazines etc.

October & November

To express thoughts, feelings, ...

Reading skill:

1. News paper reading, library books

reading, book review, reading.
2. Conversations, Skit, Stories using ICT materials.
3. Reads breaking news.
4. develop story.
5. Read notices.

writing Skills.

1. description
2. notice, proclamation
3. Thought

Activities

Speech, quiz, riddles, School radio, makes magazines, skits etc.

December and January

Develop the creative speaking and writing.

Reading Skills

- Library books reading
- Conversations, Skit
  Stories using ICT

- Develop story
- Reads dairy

Writing skills

Dairy

Announcement

February and march

To improve the presentation power.

Reading skills

Library books reading

Conversations, skit stories

Develop story.

Writing skills

- Dairy
- Descriptions
- thoughts
- Exhibition.

അക്കാദമിക മാസ്റ്റർ പ്ലാൻ

പരിസരപഠനം - 3rd std

ജൂൺ - ജൂലൈ

ലക്ഷ്യം

നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം.

പ്രവർത്തനം

- സസ്യങ്ങളെ തരം തിരിക്കൽ
- പ്രകൃതി നടത്തം (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം)

ആഗസ്റ്റ് - സെപ്റ്റംബർ

ലക്ഷ്യം

പ്രകൃതി സംരക്ഷണം

പ്രവർത്തനം

- മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക
- മഴക്കുഴി നിർമ്മാണം.
- വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച്

ഹരിതകർമസേനയ്ക്ക് കൈമാറൽ.

സെപ്റ്റംബർ - ഒക്ടോബർ

<u>ലക്ഷ്യം</u>

വ്യക്തിശുചിത്വം

<u>പ്രവർത്തനം</u>

- കൈ കഴുകൽ - പരിശീലനം
- പോസ്റ്റർ നിർമ്മാണം.
- ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ.

നവംബർ - ഡിസംബർ

<u>ലക്ഷ്യം</u>

ശാസ്ത്രാവബോധം വളർത്തുക.

<u>പ്രവർത്തനം</u>

- കണ്ടെത്താം അറിയാം,
- ലഘു പരീക്ഷണങ്ങൾ, കണ്ടെത്തുന്നു.
- കുറിപ്പ് തയ്യാറാക്കൽ.

ജനുവരി - മാർച്ച്.

<u>ലക്ഷ്യം</u>

- പ്രകൃതി വിഭവ സംരക്ഷണം
- ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ.

## പ്രവർത്തനം

- ജൈവ വൈവിധ്യ പാർക്ക്, തടയണ, മഴക്കുഴി നിർമ്മാണം
- ജലസ്രോതസ്സുകൾ. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം.
- നാടിന്റെ പ്രതിഭകളെ അടുത്തറിയാം.
- പരീക്ഷണം വീട്ടിനകത്തും
- നാടിന്റെ കാഴ്ചകൾ.

## അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം — Class 3

**ജൂൺ - ജൂലൈ**

**ലക്ഷ്യം**

വായന

മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ.

**പ്രവർത്തനം**

- അമ്മ വായന
- ക്ലാസ്സ് ലൈബ്രറി വികസനം
- ലൈബ്രറി ആകർഷകമാക്കൽ.
- കുട്ടികളുടെ വായനാക്കുറിപ്പുകൾ CPTA യിൽ അവതരിപ്പിക്കുന്നു.
- വായനാക്കാർഡുകൾ തയ്യാറാക്കൽ.

~~[illegible]~~

**ലക്ഷ്യം**

ലേഖനം

- വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കൽ.
- അക്ഷരം തെറ്റുകൂടാതെ എഴുതുവാനുള്ള

ശേഷി വികസിപ്പിക്കൽ കൈവരിക്കൽ, വിവിധ ഭാഷാ വ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ.

<u>പ്രവർത്തനം</u>

* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.
* പോസ്റ്റർ നിർമ്മാണം
* വായനാദിനം, വായനാവാരം.

<u>ആഗസ്റ്റ്</u> – ഒക്ടോബർ

<u>ലക്ഷ്യം</u>

വിവിധ വ്യവഹാര രൂപങ്ങളുടെ പ്രകടനത്തിലൂടെ ശേഷി വർദ്ധിപ്പിക്കുക.

<u>പ്രവർത്തനം</u>

- ദിനാചരണങ്ങൾ
- കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം.
- പുസ്തക ശേഖരണവും പ്രദർശനവും
- ചിത്രഗ്യാലറി.

നവംബർ -

- സാഹിത്യ പ്രതിഭകളെ അടുത്തറിയാം .
- വായനാ പരിപോഷണം .

പ്രവർത്തനം

- പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം .
- വായനാക്കളരി
- നാട്ടു വായന -
പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം .

അക്കാദമിക മാസ്റ്റർ പ്ലാൻ

ഗണിതം - class : 3

ജൂൺ - ജൂലൈ

ലക്ഷ്യം

ചതുരം, വൃത്തം, ത്രികോണം, എന്നീ രൂപങ്ങളെ-
കുറിച്ചുള്ള ധാരണ നൽകുന്നു.

പ്രവർത്തനം

ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപ-
യോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ
നിർമിക്കുന്നു.

ആഗസ്റ്റ് ലക്ഷ്യം

999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ
വ്യാഖ്യാനിക്കുന്നു.

പ്രവർത്തനം

* സംഖ്യാ പാത്രങ്ങൾ
* നാണയങ്ങൾ, കളിനോട്ടുകൾ
* പാത്രങ്ങൾ

സെപ്റ്റംബർ

ലക്ഷ്യം

എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാകും.

പ്രവർത്തനം

വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പി-
ക്കൽ .

ഒക്ടോബർ- നവംബർ

ലക്ഷ്യം

സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടികളെ
പ്രാപ്തരാക്കുക.

പ്രവർത്തനം

* മനഃകണക്കുകൾ
* നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്ത-
  നങ്ങൾ.

ഡിസംബർ- ജനുവരി

ലക്ഷ്യം

ഗുണന വസ്തുതകൾ നേടൽ

പ്രവർത്തനം

* മനഃകണക്കുകൾ
* മഞ്ചാടിക്കളി.

ഫെബ്രുവരി- മാർച്ച്

ലക്ഷ്യം

ഹരണ ക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ.

പ്രവർത്തനം

* നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
* ICT വിഭവങ്ങൾ ഉപയോഗിച്ച്.

# അക്കാദമിക മാസ്റ്റർപ്ലാൻ - ഇംഗ്ലീഷ്

STD : IV

ലക്ഷ്യം

ഇംഗ്ലീഷ് അസംബ്ലി.

ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ.

പ്രവർത്തനം - ആഴ്ചയിൽ രണ്ടുദിവസം (വർഷം മുഴുവൻ).

ഇംഗ്ലീഷ് അസംബ്ലി.

ലക്ഷ്യം

തെറ്റില്ലാതെ ഇംഗ്ലീഷ്

പ്രവർത്തനം - ആഴ്ചയിൽ മൂന്ന്

ഇംഗ്ലീഷ് ഡയറി.

ലക്ഷ്യം

എഴുതാനുള്ള ശേഷി.

പ്രവർത്തനം - വർഷം മുഴുവൻ

നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതൽ.

ലക്ഷ്യം

സർഗ്ഗാത്മകതാ പരിപോഷണം

പ്രവർത്തനം - മാസത്തിലൊന്ന്

Skit, Drama, conversation, Story telling എന്നിവ അവതരിപ്പിക്കൽ.

ലക്ഷ്യം

സർഗാത്മക രചനാശേഷി വികാസനം.

പ്രവർത്തനം - മൂന്ന് മാസത്തിലൊരിക്കൽ

ഇംഗ്ലീഷ് മാഗസിൻ, മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാഗസിൻ തയ്യാറാക്കൽ.

ലക്ഷ്യം

ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ്.

പ്രവർത്തനം - മാസത്തിലൊന്ന്

ഇംഗ്ലീഷ് കൈയെഴുത്ത്.

ലക്ഷ്യം

വായനാ പരിപോഷണം.

പ്രവർത്തനം - ആഴ്ചയിൽ ഒന്ന്.

കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാക്കുറിപ്പ്.

ലക്ഷ്യം

ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ

പ്രവർത്തനം - വർഷത്തിലൊന്ന്

ഇംഗ്ലീഷ് ഫെസ്റ്റ്; വായനാ മത്സരം, രചനാ മത്സരം, മറ്റ് സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം

# അക്കാദമിക മാസ്റ്റർപ്ലാൻ - ഗണിതം

STD: IV

## കളിക്കാം - ഗണിക്കാം

ലക്ഷ്യം:

ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ).

പ്രവർത്തനം - ജൂൺ-ജൂലൈ.

- വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ.
- ഉദാ: ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം - വ്യവകലനം - കച്ചവടക്കളി.

## ഒറിഗാമിയിലൂടെ പഠിക്കാം.

ലക്ഷ്യം

ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കര ചലനശേഷി വികാസം.

പ്രവർത്തനം - ആഗസ്റ്റ്

- ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം.

## ഗണിതലാബ്.

ലക്ഷ്യം

- ഗണിതപഠനപ്രവർത്തനം സുതാര്യമാക്കൽ.

പ്രവർത്തനം - എല്ലാ മാസവും

- ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ.

ഗണിതച്ചുമർ

ലക്ഷ്യം

· ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ

പ്രവർത്തനം - വർഷം മുഴുവൻ

· ഗണിതച്ചുമർ ഒരുക്കാൻ ഉപയോഗപ്പെടുത്തൽ.

ഗണിതോപകരണശില്പശാല

ലക്ഷ്യം

ഉപകരണങ്ങളിലൂടെ ഗണിതാശയം ലളിതമാക്കൽ

പ്രവർത്തനം - വർഷം മുഴുവൻ

· പാഠഭാഗവുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം.

ഗണിതമേള

ലക്ഷ്യം

· ഗണിത ശേഷികളുടെ പ്രകടനം.

പ്രവർത്തനം - ജനുവരി-ഫെബ്രുവരി, മാർച്ച്

പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉപകരണങ്ങളുടെ പ്രദർശനം.

# അക്കാദമിക മാസ്റ്റർപ്ലാൻ - പരിസരപഠനം

STD = IV

## പ്രകൃതിനടത്തം

**ലക്ഷ്യം**

നിരീക്ഷണം - അറിവു നിർമ്മാണം.

പ്രവർത്തനം - ~~ജൂൺ~~ ജൂൺ - ജൂലൈ

പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ ക്ലിപ്പുകൾ സംഘടിപ്പിക്കൽ.

## ശാസ്ത്രമേള

**ലക്ഷ്യം**

ശാസ്ത്രപഠന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കൽ

പ്രവർത്തനം - വർഷം മുഴുവൻ

ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ.

## ശാസ്ത്രയാത്ര

**ലക്ഷ്യം**

ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണ ത്വര വളർത്തൽ

പ്രവർത്തനം - ആഗസ്റ്റ്, സെപ്റ്റംബർ

---

വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ

ഭൂപടമാതൃകകൾ

ലക്ഷ്യം

കേരളം – ഇന്ത്യ – ഭൂപടവായന, സൂചിക – പരിചയപ്പെടൽ

പ്രവർത്തനം – ഒക്ടോബർ – നവംബർ

ഭൂപട വായന, ഭൂപട രചന, സൂചികാനിർമ്മാണം

ശാസ്ത്ര – വിസ്മയ ചുമർ

ശേഷ ലക്ഷ്യം

ശാസ്ത്രപഠനം രസകരമാക്കൽ

പ്രവർത്തനം – ഡിസംബർ – ജനുവരി

ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ.

ശാസ്ത്രോത്സവം

ലക്ഷ്യം

ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം.

പ്രവർത്തനം – ഫെബ്രുവരി

പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം, ഇവയുടെ പരീക്ഷണം.

ശാസ്ത്രമാസിക

ലക്ഷ്യം

ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന

പ്രവർത്തനം – മാർച്ച്

ശാസ്ത്രമാസികയുടെ നിർമ്മാണം.

...ക്ലാസ് - മലയാളം.

ലക്ഷ്യം

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

പ്രവർത്തനം. — ലക്ഷ്യം നേടുന്നതുവരെ.

ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സഹായങ്ങൾ ഒരുക്കൽ.

ലക്ഷ്യം.

വായനാശേഷി വളർത്തൽ

പ്രവർത്തനം. — വർഷം മുഴുവൻ.

ക്ലാസ് വായനാക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ — പുസ്തകപരിചയം, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്

ലക്ഷ്യം. ~~വർഷം~~

എഴുത്ത് പരിപോഷിപ്പിക്കൽ

പ്രവർത്തനം — വർഷം മുഴുവൻ

പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ.

ലക്ഷ്യം.

ലേഖനശേഷി വർദ്ധിപ്പിക്കൽ — സാഹിത്യകാരൻമാരെ അടുത്തറിയൽ.

പ്രവർത്തനം — ആവശ്യാനുസരണം

സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്ക...

ലക്ഷ്യം.

അറിവ് ടെക്നോളജിയിലൂടെ നേടൽ (ICT)

പ്രവർത്തനം - അവശ്യാനുസരണം

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഭവങ്ങൾ ശേഖരിക്കൽ, പ്രദർശിപ്പിക്കൽ.

ലക്ഷ്യം

നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ.

പ്രവർത്തനം - വർഷത്തിലൊന്ന്

ഭക്ഷ്യമേള - പാചകക്കുറിപ്പുകളും പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ.

ലക്ഷ്യം

സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ.

പ്രവർത്തനം - ആവശ്യാനുസരണം

ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം.

ലക്ഷ്യം

പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ

പ്രവർത്തനം - വർഷത്തിലൊന്ന്

പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്, കലാവതരണം.

ലക്ഷ്യം

ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ.

പ്രവർത്തനം - വർഷത്തിലൊരിക്കൽ

കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം.